## വള്ളിക്കുന്ന് അരിയല്ലൂർ നേർച്ച
സയ്യിദ് ജമലുല്ലൈലി മഖാം
(ഹി) 1232 ൽ തുടങ്ങി.

## മലപ്പുറം നേർച്ച
വലിയങ്ങാടി പള്ളി കമ്മിറ്റി.
മലപ്പുറം പള്ളി തകർത്തതുമായി ബന്ധപ്പെട്ട നടന്ന തർക്കത്തിൽ മരണപ്പെട്ട 44 പേരുടെ സ്മരണക്ക് നടത്തുന്നത്. തട്ടാന്റെ പെട്ടിവരവ് പ്രധാന ഇനം . ശവ്വാൽ 9,10 തീയതികളിൽ

## പെരുമ്പടപ്പ് പുത്തൻപള്ളി
2011 ൽ നൂറാം ആണ്ട് നേർച്ചയായിരുന്നു.
പെരുമ്പടപ്പ് പുത്തൻപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ശൈഖ് കുഞ്ഞിമുഹമ്മദ് മുസ്‌ലിയാരുടെ സ്മരണക്ക് നടത്തുന്ന നേർച്ച.

## മമ്പുറം നേർച്ച
മമ്പുറം മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്ന ഖുത്ബുസ്സമാൻ സയ്യിദ് അലവി മൗലദ്ദവീല തങ്ങളുടെ ഓർമക്ക് നടത്തുന്നു. നേർച്ചയുടെ ഭാഗമായി നടത്തുന്ന അന്നദാനത്തിൽ ഇതര മതസ്ഥരടക്കം നിരവധി പേർ പങ്കെടുക്കും. 2010 ൽ 171ാം നേർച്ച. മുഹറം 1–7 വരെ മമ്പുറം തങ്ങളുടെ ഓർമക്ക്.

## പൊന്നാനി വലിയ ജമാഅത്ത് പള്ളി നേർച്ച
വലിയ ജുമാഅത്ത് പള്ളി സ്ഥാപകനും സ്വാതന്ത്ര സമര സേനാനിയുമായിരുന്ന ശൈഖ് സൈനുദ്ധീൻ മഖ്ദൂമിന്റെ ആണ്ട് നേർച്ച. 1510 ൽ സ്ഥാപിതമായ പള്ളി. ശഅബാൻ 20

## പുത്തനങ്ങാടി നേർച്ച
ആയിരത്തോളം വർഷം പഴക്കമുള്ള നേർച്ച സഫർ 12–15

## ബി.പി അങ്ങാടി നേർച്ച
1853 ൽ തുടങ്ങി. ജനുവരിയിലെ രണ്ടാമത്തെ ഞ്ഞായറാഴ്ച മുതൽ ചൊവ്വാഴ്ച വരെ. യാഹു തങ്ങൾ സ്മരണയ്ക്ക്. മതേതരത്വത്തിന്റെ പ്രതീകമായ ബി.പി അങ്ങാടി യാഹും തങ്ങൾ ഔലിയായുടെ ഓർമക്ക് നടത്തുന്ന നേർച്ച. രണ്ടു ദിവസങ്ങളിൽ ദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 50 ൽപരം പെട്ടിവരവുകളുണ്ടാകും. ഒമ്പതിനു പുലർച്ചെ ചാപ്പക്കാരുടെ വരവ് ജാറത്തിൽ എത്തുന്നതോടെ നേർച്ച സമാപിക്കും

## മൂന്നിയൂർ മുട്ടിച്ചിറ നേർച്ച
ബ്രിട്ടീഷ് ഭരണകാലത്ത് നടന്ന യുദ്ധത്തിൽ വീരമൃത്യു വരിച്ച ശുഹദാക്കളുടെ സ്മരണാർഥമാണ് നേർച്ച. മമ്പുറം തങ്ങളുടെ നിർദേശപ്രകാരം നിർമിക്കപ്പെട്ടതാണ് മുട്ടിച്ചിറ പള്ളി. ശവ്വാൽ ഏഴിന്

## മൂന്നാക്കൽ പള്ളി.
മഹല്ലിലെ മുഴുവൻ കുടുംബങ്ങൾക്കും ജാതിമതസാമ്പത്തിക വ്യത്യാസം കണക്കിലെടുക്കാതെ അരിനൽകുന്ന പതിവ് പള്ളിയിൽ തുടങ്ങിയിട്ട് വർഷങ്ങളായി. 'ദാരിദ്ര്യം നടമാടിയിരുന്ന പഴയകാലത്ത് കഞ്ഞിവെച്ച് പാർച്ച എന്ന നേർച്ച ഇവിടെ നടന്നിരുന്നു. നേർച്ചയായി കിട്ടുന്ന അരി കഞ്ഞിവെച്ച് നൽകുകയായിരുന്നു ആദ്യം.എല്ലാ ഞായറാഴ്ചകളിലും ഉച്ചയ്ക്ക് ഒരുമണി മുതൽ അഞ്ചുമണി വരെയാണ് അരിവിതരണം.

## ഓമാനൂർ നേർച്ച
അമ്മാളു അമ്മ എന്ന ഒരു ഹിന്ദു സ്ത്രീ മുസ്‌ലിമായതിനെ തുടർന്ന് ഏതാനും പേർ പള്ളി അശുദ്ധമാക്കാൻ ശ്രമിച്ചതാണ് ഓമാനൂർ യുദ്ധത്തിന്റെ തുടക്കം. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രമാണ് സംഭവത്തിന് എരി തീയിൽ എണ്ണ ഒഴിച്ചത് . മുസ്‌ലിംഹിന്ദു സാഹോദര്യം തകർത്തെറിയലായിരുന്നു വെള്ളക്കാരുടെ ലക്ഷ്യം. ബ്രിട്ടീഷ് പട്ടാളമാണ് യുദ്ധം മൂർച്ച കൂട്ടിയത്. അവർ മുവായിരത്തോളം പേർ യാതൊരു മുന്നറിയിപ്പുമില്ലാതെ രംഗത്തെത്തി. നിരവധി പട്ടാളക്കാരും നാട്ടുകാരായ മൂന്നു പേരും ശഹീദായി. ദുൽഹജ്ജ് ഏഴിനാണിത്.

**കൊണ്ടോട്ടി നേർച്ച**
1703 ൽ തുടങ്ങി. റ. അവ്വൽ 13–17 വരെ,
കൊണ്ടോട്ടി ഖുബ്ബയെ കേന്ദ്രീകരിച്ച് വർഷം തോറും നടന്നു വരാറുള്ള കൊണ്ടോട്ടി നേർച്ച ചരിത്ര പ്രസിദ്ധമാണ്. ഏറനാടന് സാംസ്ക്കാരികോത്സവം കൂടിയായ നേർച്ച തലമുറകളായി പടുത്തുയർത്തിയ കാർഷിക കൂട്ടായ്മയുടെ കൊയ്ത്തുല്സവമാണ്.

**വെളിയങ്കോട് ഉമർഖാദി നേർച്ച**
വെളിയങ്കോട് ഉമർകാദിയുടെ ഓർമ്മക്ക് നടത്തുന്ന നേർച്ച
ദുൽഹജ് 23ന് തുടങ്ങും.

**തിരുമാന്ധാംകുന്ന് പൂരം.**
മീനമാസത്തിലെ മകയിരം മുതൽ 11 ദിവസം വരെ. 11ാം പൂരമാണ് പ്രധാനപ്പെട്ടത്.

**മഞ്ചേരി പൂരം**
വായ്പാറപ്പടി മുതൃക്കുന്ന് ഭഗവതിക്ഷേത്രം.   മീനമാസത്തിലെ പൂരം മുതൽ ഉത്രം വരെ

**കീഴാറ്റൂർ മുതുകുർശികാവ് താലപ്പൊലി**
മുതുകുർശ്ശിക്കാവ് അയ്യപ്പൻ ഗണേഷ മംഗലം ക്ഷേത്രംത്തിൽ. ധനു 22–25 വരെ.

**രാമപുരം ക്ഷേത്രം ഏകാദശി**
കുംഭത്തിലെ ഏകാദശി ഉത്സവം.

**പാലൂർ തൈപ്പൂയം രഥോത്സവം.**
തൈ മാസത്തിലെ പൂയത്തിൽ. പാലൂർ സുബ്രഹമണ്യ സ്വാമി ക്ഷേത്രത്തിൽ.

**തൂത പൂരം**
വിഷു നാളിൽ കതിരേറ്റത്തോടെ കൊടിയേറിയ പൂരാഘോഷം മേടം മുഴുവൻ നീണ്ടു നിന്ന തോൽപ്പാവകൂത്തിനുമാണ് പൂരാഘോഷത്തോടെ സമാപനമേകുന്നത്. പൂരത്തിന് മുന്നോടിയായി താലപ്പൊലി ആഘോഷം നടക്കും. താലപ്പൊലി മുതൽ ആറാട്ടോടെ അഞ്ചു ദിവസം പ്രസിദ്ധമായ പാനപിടുത്തവും നായരുവേലയും വൈകിട്ട് അരങ്ങേറും ..ഏപ്രിൽ 14.

**കോട്ടക്കൽ പൂരം**
ഒരുപാടു ഓർമകളുടെ വിളനിലമാണ് കോട്ടക്കൽ പൂരം. കോട്ടക്കൽ നഗരം ജാതിമത ഭേദമന്യേ ആഘോഷിക്കുന്ന ഉത്സവംഅതാണ് കോട്ടക്കൽ പൂരം. കോട്ടക്കൽ ആര്യവൈദ്യശാലയാണ് പൂരം സംഘടിപ്പിക്കുന്നത്. ഒരാഴ്ച നീണ്ടു നിൽക്കുന്നതാണ് ആഘോഷപരിപാടികൾ.
മീനമാസത്തിലെ തിരുവോണ നാളിൽ. കോട്ടക്കൽ വിശ്വംഭര ക്ഷേത്രം.

**വേങ്ങര അമ്മാഞ്ചേരിക്കാവ് താലപ്പൊലി**
കുംഭത്തിലെ മൂന്നാമത്തെ വെള്ളി.മാർച്ച് –6

**വൈരങ്കോട് തീയാട്ട്**
കുംഭത്തിൽ..
ജില്ലയിലെ പ്രധാന ഗ്രാമീണക്ഷേത്രോത്സവങ്ങളിലോന്നാണ് വൈരംങ്കോട് വേല അല്ലെങ്കിൽ തീയാട്ട് .മലയാള മാസം കുംഭംത്തിലാണ് എല്ലാവർഷവും തീയാട്ട് ആഘോഷിക്കാറ്.

**മൂന്നിയൂർ കോഴിക്കളിയാട്ടം.**
മത സൗഹാർദത്തിന് കേളികേട്ട ഉത്സവമാണ് കളിയാട്ടം. പൊയ്കുതിരകളുമായി എത്തുന്ന സംഘങ്ങൾ മമ്പുറം മഖാം, മുട്ടിച്ചിറമഖാം എന്നിവിടങ്ങളിൽ എത്തി കാണിക്ക സമർപ്പിച്ച ശേഷമാണ് കളിയാട്ട കാവിലേക്ക് നീങ്ങുക. കളിയാട്ടത്തിനുള്ള ദിവസം നിശ്ചയിച്ച് കൊടുക്കുന്നത് മമ്പുറം തങ്ങളാണത്രേ

എടവത്തിലെ ആദ്യ തിങ്കളാഴ്ച തുടങ്ങും.ം 11ാം ദിവസമാണ് കോഴിക്കളിയാട്ടം..

### പൊന്നാനി നാട്ടുകുരുതി
12 വർഷത്തിലൊരിക്കലാണ് നാട്ടുകുരുതി നടത്തുന്നത്. അടുത്തത് 2017 ൽ. ഉത്സവം എല്ലാ വർഷവും ഉണ്ടാകാറുണ്ട്. മീനം 1–12

### വളാഞ്ചേരി വൈക്കത്തൂർ ഉത്സവം
വൈക്കത്തൂർ മഹാദേവ ക്ഷേത്രത്തിൽ. മേടത്തിലെ പൂണർത്തം മുതൽ   ഉത്രം വരെ ഏപ്രിൽ 16 മുതൽ 30 വരെ.

## തിരുനാൾ

### മലപ്പുറം സെന്റ് ജോസഫ് ഫെറോന തിരുനാൾ
ജനുവരി അവസാനം മുതൽ ഫെബ്രുവരി ആദ്യം വരെ.

### നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫെറോന തിരുനാൾ
ഫെബ്രുവരി 13

### പരിയാപുരം ഫാത്തിമ മാതാ ഫെറോന
ജനുവരി 29– ഫെബ്രുവരി 1

### പെരിന്തൽമണ്ണ ലൂർദ് മാതാ ദേവാലയം
ഫെബ്രുവരി 1 ാം ഞായർ മുതൽ അടുത്ത ഞായർ വരെ.

പൂന്താനം ദിനം

തുഞ്ചൻ ഉത്സവം – ഒക്ടോബർ 23

സർവോദയ മേള – ഫെബ്രുവരി 7

മാമാങ്കം – തൈപൂയം

ബീയം കായൽ വള്ളംകളി

ഉത്സവ് ഡിസംബർ, ജനുവരി

ചാലിയാർ ജലോത്സവം

സെവൻസ് – ഡിസംബർ ഫെബ്രുവരി

നിലമ്പൂർ പാട്ടുത്സവം – ജനുവരി –ഒന്ന് മുതൽ ഏഴ് വരെ.

അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ഗണേഷപുരിയജ്ഞാരംഭം – ജനുവരി –4

കൃപണ ശിവക്ഷേത്രആറാട്ട് – ജനുവരി 4

വേട്ടക്കൊരുമകൻ ക്ഷേത്രം കാളപ്പൂട്ട് – ജനുവരി 7

പരപ്പനങ്ങാടി കാളികാവ് താലപ്പൊലി – ജനുവരി 27

തൃപ്രങ്ങോട് ഉത്സവം – ഡിസംബർ 26

തിരുന്നാവായ നാവാമുകുന്ദക്ഷേത്ര ഉത്സവം – ഏപ്രിൽ 14